(ബി) പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ എന്നീ തസ്തികകളിലുള്ള അധ്യാപക ജീവനക്കാരുടെ എണ്ണത്തിൽ കുറവുള്ളതുകൊണ്ടാണ് AICTE സീറ്റുകൾ കുറവ് വരുത്തിയത്. 2010-ൽ ഇറങ്ങിയ AICTE-യുടെ ഉത്തരവ് പ്രകാരം അസോസിയേറ്റ് പ്രൊഫസറുടെയും പ്രൊഫസറുടെയും ചുരുങ്ങിയ അടിസ്ഥാന യോഗ്യത Ph.D ആയി ഉയർത്തുകയുണ്ടായി. Ph.D യോഗ്യതയുള്ള അധ്യാപകർ വളരെ കുറവായതുകൊണ്ട് പല തവണ അപേക്ഷ ക്ഷണിച്ചിട്ടും മതിയായ യോഗ്യരായ അപേക്ഷകരെ ലഭിച്ചിട്ടില്ല. ആയത് പരിഹരിക്കുന്നതിനായി യോഗ്യതയുള്ള അധ്യാപകരെ നിയമിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

സംയോജിത സഹകരണ വികസന പദ്ധതി

108(2309) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വർക്കല കഹാർ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ സംയോജിത സഹകരണ വികസന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഒരു പ്രദേശത്തിന്റെ സമഗ്ര വികസനം സഹകരണ സംഘങ്ങളിലൂടെ എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സംയോജിത സഹകരണ വികസന പദ്ധതി (ഐ.സി.ഡി.പി.). സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ് കെട്ടിടം, ഗോഡൗൺ, ഫർണിച്ചർ, കമ്പ്യൂട്ടർ, സേഫ് ഡെപ്പോസിറ്റ് ലോക്കർ, കൗണ്ടർ, സ്ട്രോംഗ് റൂം) തുടങ്ങിയവ പുതുതായി നിർമ്മിക്കുന്നതിനും കാർഷികവും അനുബന്ധ മേഖലകളിലുള്ള ഉത്പാദനം, സംസ്കരണം, വിപണനം എന്നിവയുടെ വികസനത്തിനും നിലവിലുള്ള വ്യാപാരം ശക്തിപ്പെടുത്തുന്നതിനും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെ മാനവ വിഭവശേഷി വികസനത്തിനുള്ള പരിശീലനം നൽകുക എന്നീ ലക്ഷ്യങ്ങളാണ് സംയോജിത സഹകരണ വികസന പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംയോജിത സഹകരണ വികസന പദ്ധതിയുടെ ഒന്നാം ഘട്ടം സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പിലാക്കി കഴിഞ്ഞു. പദ്ധതിയുടെ രണ്ടാം ഘട്ടം വയനാട് ജില്ലയിൽ പൂർത്തിയാക്കിയിട്ടുണ്ട്. ഇടുക്കി ജില്ലയിൽ രണ്ടാം ഘട്ടം പദ്ധതി 2015 ഡിസംബർ മാസം ആരംഭിക്കും. തൃശ്ശൂർ ജില്ലയിൽ രണ്ടാം ഘട്ട പദ്ധതിക്ക് എൻ.സി.ഡി.സി.യിൽനിന്നും അനുവാദം ലഭിച്ചു. ആയതിന് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

മൊബൈൽ ത്രിവേണി സ്റ്റോറുകൾ

109 (2310) ശ്രീ. സി. ദിവാകരൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ എത്ര മൊബൈൽ ത്രിവേണി സ്റ്റോറുകളാണ് പ്രവർത്തിച്ചിരുന്നത്; ഇപ്പോൾ എത്ര എണ്ണം പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സംവിധാനം തകർന്നടിയുവാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണ്;

(സി) പൊതു വിപണിയേക്കാൾ എത്ര ശതമാനം വിലക്കുറവിലാണ് പ്രസ്തുത സ്റ്റോറുകളിലൂടെ സാധനങ്ങൾ വിറ്റഴിച്ചിരുന്നത്;

(ഡി) പ്രസ്തുത സ്റ്റോറുകളുടെ പ്രവർത്തനം പുനരാരംഭിയ്ക്കുവാനുദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൺസ്യൂമർ ഫെഡിന്റെ കീഴിൽ 142 മൊബൈൽ ത്രിവേണി സ്റ്റോറുകൾ പ്രവർത്തിച്ചിരുന്നു. ഇപ്പോൾ 73 മൊബൈൽ ത്രിവേണി സ്റ്റോറുകൾ പ്രവർത്തിച്ചു വരുന്നു.

(ബി) കൺസ്യൂമർ ഫെഡിന് കഴിഞ്ഞ കാലങ്ങളിലുണ്ടായ സാമ്പത്തിക മാന്ദ്യംമൂലം മൊബൈൽ ത്രിവേണി സ്റ്റോറുകളിൽ വിൽപ്പനയ്ക്കാവശ്യമായ സാധനങ്ങൾ യഥാസമയം എത്തിക്കുവാൻ കഴിയാതിരുന്നതും മൊബൈൽ ത്രിവേണി സ്റ്റോർ നടത്തുന്ന വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുവാൻ കഴിയാത്തതും മൊബൈൽ ത്രിവേണികളുടെ സുഗമമായ പ്രവർത്തന പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly